# K22U 2877

Reg. No. : ...............................

Name : ...................................

**Third Semester B.A./B.Sc. Degree (CBCSS – Supplementary)**
**Examination, November 2022**
**(2016-18 Admissions)**
**COMMON COURSE IN MALAYALAM**
**3A09 MAL : മലയാള കവിത**

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക. **(2×7=14)**

1) കുഞ്ചൻ നമ്പ്യാരുടെ കല്യാണസൗഗന്ധികത്തിൽ കേരളീയത, പ്രകൃതി ചിത്രീകരണം എന്നിവ എത്രത്തോളമുണ്ട് ? പരിശോധിക്കുക.

2) 'ഒരു സിംഹപ്രസവം' എന്ന കവിതയെ മുൻനിർത്തി ആശാന്റെ സ്വാതന്ത്ര്യ സങ്കല്പത്തെക്കുറിച്ച് ഉപന്യസിക്കുക.

3) മലയാളകവിത, ചങ്ങമ്പുഴയെ ആവേശിച്ചതിന്റെ കാവ്യാത്മകമായ അവതരണമാണ് കാവ്യനർത്തകി. – ഉപന്യസിക്കുക.

4) ദേവാസുരം എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.

II. **150** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക. **(4×3=12)**

5) ''രുക്മിണിതന്നെ ഞാൻ ദുഃഖമാം വാരിയിൽ
മഗ്നയായ് വീണതു കണ്ടു പോന്നു
സ്നിഗ്ദ്ധനായുള്ള നീ പാരാതെ ചെന്നു നി –
ന്നുദ്ധരിക്കേണമേയെന്നു ചൊൽവാൻ'' ആര് ആരോടു പറയുന്നതാണിത് ?
സന്ദർഭമെന്ത് ?

6) 'പ്രേമസംഗീതം' എന്ന കവിതയുടെ ആന്തരികഭംഗി വിശദീകരിച്ച് കുറിപ്പെഴുതുക.

7) ''യാത്രചോദിച്ചു പോകാനായ്
മണിമുറ്റത്തു നിൽക്കയാം
പെരുമാളുടെ പൊന്നോണ
വില്ലു ചൂടിയ തുമ്പകൾ'' – വർണ്ണനാഭംഗി വിലയിരുത്തുക.

P.T.O.



8) ''മമ മുന്നിലെന്തൊരു സൗന്ദര്യമേളം
മുനിമാരും നുകരാത്ത സുഖചക്രവാളം'' എന്തുതരം സൗന്ദര്യമേളത്തെക്കുറിച്ചാണ് കവി വിചാരപ്പെടുന്നത് ?

9) 'കൊല്ലേണ്ടതെങ്ങനെ' എന്ന കവിത മുന്നോട്ടുവെക്കുന്ന നിസ്സഹായതയെക്കുറിച്ച് വിവരിക്കുക.

10) 'ദേവാസുരം' എന്ന കവിതയിലെ സ്ത്രീവാദസമീപനം ചർച്ച ചെയ്യുക.

III. **100** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക. **(4×2=8)**

11) സുന്ദരകാണ്ഡത്തിൽ കാണുന്ന ഹനുമാന്റെ പെരുമാറ്റരീതി വിവരിക്കുക.

12) ''കേളിയേറിന മേല്പത്തൂരിന്റെ വിഭക്തി –
യെക്കാളിഹ പൂന്താനത്തിന്റെ ഭക്തിയാണെനിക്കിഷ്ടം'' ആശയം വ്യക്തമാക്കുക.

13) 'സ്നിഗ്ദ്ധനായുള്ള നീ പാരാതെ ചെന്നു നി
ന്നുദ്ധരിക്കേണമേയെന്നു ചൊൽവാൻ' – ആരെ ഉദ്ധരിക്കാനാണു പറയുന്നത് ? എന്തുകൊണ്ട് ?

14) 'അമ്മയും മകനും തുഞ്ചനും' എന്ന കവിതയുടെ ആശയമെന്ത് ?

15) ''ആരീയഴുക്കുകളെടുത്തിടുമെന്നു,മെന്റെ
ആരോമലിന്നിരുളിലാരു കരം പിടിക്കും ?'' വരികളിൽ ആവിഷ്കരിക്കാൻ ശ്രമിക്കുന്നതെന്തെന്ന് വിവരിക്കുക.

16) 'മാനസാന്തരം' എന്ന കവിതയുടെ രചനാപശ്ചാത്തലമെന്ത് ?

IV. **ഒറ്റ** വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക. **(6×1=6)**

17) ചെറുശ്ശേരി കൂടുതലായി ഉപയോഗിച്ച അലങ്കാരം ഏതാണ് ?

18) കിള്ളിക്കുറിശ്ശി മംഗലം ആരുടെ ജന്മസ്ഥലമാണെന്നാണ് കരുതപ്പെടുന്നത് ?

19) 'എന്നെ തിരയുന്ന ഞാൻ' ആരുടെ ആത്മകഥയാണ് ?

20) 'സാഹിത്യമഞ്ജരി' എത്ര ഭാഗങ്ങളുണ്ട് ?

21) 'പാടുന്ന പിശാച്' ആരുടെ രചനയാണ് ?

22) ''വിളക്കു കൈവശമുള്ളവനെന്നും വിശ്വം ദീപമയം'' – ഏതു കവിതയിലെ വരിയാണിത് ?

23) 'ദേവാസുരം' എന്ന കവിത സമർപ്പിച്ചിരിക്കുന്നത് ആർക്കാണ് ?

24) കുമാരനാശാൻ അന്തരിച്ച വർഷമേത് ?